15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4524 — 10-08-2021 - ൽ മറുപടിയ്ക്ക്

## ടൈപ്പ്റൈറ്റിംഗ് ആൻഡ് വേർഡ് പ്രോസസ്സിംഗ് പരീക്ഷാ സർട്ടിഫിക്കറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കെ.ജി.ടി.ഇ. മുഖേന നടപ്പാക്കുന്ന ടൈപ്പ്റൈറ്റിംഗ് ആൻഡ് വേർഡ് പ്രോസസ്സിംഗ് പരീക്ഷ നടന്ന് മാസങ്ങൾ കഴിഞ്ഞിട്ടും സർട്ടിഫിക്കറ്റ് നൽകുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2019 ഡിസംബറിൽ പ്രസിദ്ധീകരിച്ച കെ.ജി.ടി.ഇ (കൊമേഴ്സ്) പരീക്ഷാ വിജ്ഞാപന പ്രകാരം പരീക്ഷാഭവൻ നടത്തേണ്ട പരീക്ഷകൾ 2020 ഫെബ്രുവരി മാസം നടത്തുകയുണ്ടായി. എന്നാൽ ഈ പരീക്ഷയുടെ ഭാഗമായുള്ള വേർഡ് പ്രോസസ്സിംഗ് പരീക്ഷ നടത്തേണ്ടത് എൽ.ബി.എസ് മുഖാന്തിരമാണ്. 2020 ഫെബ്രുവരിയിൽ തന്നെ പരീക്ഷാഭവൻ പരീക്ഷകൾ പൂർത്തിയാക്കിയെങ്കിലും കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എൽ.ബി.എസ്സിന് വേർഡ് പ്രോസസ്സിംഗ് പരീക്ഷ സമയബന്ധിതമായി നടത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. വേർഡ് പ്രോസസ്സിംഗ് പരീക്ഷ എൽ.ബി.എസ് പൂർത്തിയാക്കിയത് 2021 ഫെബ്രുവരി മാസത്തിലാണ്. ആയതിന്റെ റിസൽട്ട് എൽ.ബി.എസിൽ നിന്നും ലഭ്യമാകാൻ താമസിച്ചതു കാരണം പരീക്ഷാഭവൻ ഈ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചത് 2021 ഏപ്രിൽ മാസത്തിലാണ്. 2021 മെയ് മാസം കോവിഡ് വ്യാപകമായതിനെ തുടർന്ന് ഓഫീസുകൾ പ്രവർത്തനരഹിതമാവുകയും പീന്നീട് ജൂൺ മാസത്തിൽ എസ്.എസ്.എൽ.സി പരീക്ഷയുടെ പ്രവർത്തനങ്ങളോടൊപ്പം തന്നെ കെ.ജി.ടി.ഇ സർട്ടിഫിക്കറ്റുകളും മാർക്കുലിസ്റ്റുകളും നൽകുന്നതിനാവശ്യമായ വെരിഫിക്കേഷൻ ജോലികൾ നടത്തുകയും, പിന്നീട് സർട്ടിഫിക്കറ്റ് പ്രിന്റിംഗ് ജോലികൾ പൂർത്തീകരിച്ച് പരിശോധനകൾക്കുശേഷം സർട്ടിഫിക്കറ്റുകളുടെ വിതരണം ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ വഴി വിതരണം ചെയ്യുന്നതിന് നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്ന് ചീഫ് സൂപ്രണ്ടുമാർ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റി പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | ഇത് ഉദ്യോഗാർത്ഥികളുടെ തൊഴിലവസരങ്ങൾ, | (ബി) | വേർഡ് പ്രോസസ്സിംഗ് പരീക്ഷയുടെ നടപടിക്രമങ്ങൾ |

| | | | |
|---|---|---|---|
| | സീനിയോറിറ്റി എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതിനാലും അവർക്ക് പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവയിൽ രജിസ്റ്റർ ചെയ്യുവാൻ സാധിക്കാത്തിനാലും പ്രസ്തുത വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | | പൂർത്തീകരിക്കുവാൻ കോവിഡ് വ്യാപകമായതിന്റെ പശ്ചാത്തലത്തിൽ എൽ.ബി.എസ് സെന്ററിന് സാധിക്കാത്തതിനാലാണ് റിസൽട്ട് പ്രസിദ്ധീകരിക്കുവാൻ കാലതാമസം ഉണ്ടായത്. റിസൽട്ട് പ്രസിദ്ധീകരണത്തിനുശേഷം മെയ്, ജൂൺ മാസങ്ങളിൽ കോവിഡ് സാഹചര്യം നിലനിന്നിരുന്നുവെങ്കിലും സർട്ടിഫിക്കറ്റ് നൽകുന്നതിനാവശ്യമായ എല്ലാ നടപടികളും കൈക്കൊണ്ട് സർട്ടിഫിക്കറ്റ് വിതരണം പൂർത്തീകരിച്ചിട്ടുള്ളതാണ്. പരീക്ഷാർത്ഥി കൾക്ക് അവർ പരീക്ഷയെഴുതിയ പരീക്ഷാകേന്ദ്രങ്ങളിൽ നിന്ന് സർട്ടിഫിക്കറ്റ് കൈപ്പറ്റാവുന്നതാണ്. |

സെക്ഷൻ ഓഫീസർ